ജി (1) 323/19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 12.12.2019

**സർക്കുലർ 52/2019**

വിഷയം:- സഹകരണ വകുപ്പ്- കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി- ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ച- മാർഗ്ഗ നിർദ്ദേശങ്ങൾ-സംബന്ധിച്ച്.

സൂചന:-
1. സർക്കാരിന്റെ 18.11.2008 ലെ സ.ഉ(കൈ)249/2008/സഹ. നമ്പർ ഉത്തരവ്.
2. സർക്കാരിന്റെ 11.2.2009 ലെ സ.ഉ(പി)33/2009/സഹ. നമ്പർ ഉത്തരവ്.
3. സർക്കാരിന്റെ 30.3.2012 ലെ സ.ഉ(കൈ)42/2012/സഹ. നമ്പർ ഉത്തരവ്.
4. സർക്കാരിന്റെ 24.7.2014 ലെ സ.ഉ(കൈ)96/2014/സഹ. നമ്പർ ഉത്തരവ്.
5. സർക്കാരിന്റെ 28.2.2016 ലെ സ.ഉ(സാധ)156/2016/സഹ. നമ്പർ ഉത്തരവ്.
6. സർക്കാരിന്റെ 20.9.2019 ലെ സ.ഉ(കൈ)35/2019/സഹ. നമ്പർ ഉത്തരവ്.
7. സഹകരണ സംഘം രജിസ്ട്രാറുടെ 12/09, 33/2010, 1/2012, 25/12, 28/2013, 63/2013, 38/2017 നമ്പർ സർക്കുലറുകൾ
8. കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡ് വൈസ് ചെയർമാന്റെ 12.11.2019-ാം തീയതിയിലെ അപേക്ഷ

*****

സൂചന(1) സർക്കാർ ഉത്തരവ് പ്രകാരം " സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008" നടപ്പിലാക്കിയിട്ടുള്ളതും ആയതിൽ കാലാകാലങ്ങളിൽ ഭേദഗതികൾ വരുത്തി നടപ്പിലാക്കി വരികയുമാണ്. സഹകരണ സംഘം രജിസ്ട്രാർ സൂചന (7) സർക്കുലറുകൾ പ്രകാരം അവ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (6) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയ സാഹചര്യത്തിൽ സൂചന സർക്കുലറുകൾ നിലനിറുത്തിക്കൊണ്ട് താഴെപ്പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പദ്ധതിയുടെ വിവരം

1. സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും സ്വർണ്ണപ്പണയ വായ്പ, നിക്ഷേപ വായ്പ ഒഴികെയുള്ള വായ്പകൾ എടുക്കുകയും വായ്പ എടുക്കുന്ന അംഗം വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പാ മുതൽ അല്ലെങ്കിൽ രണ്ടു ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽ നിന്നും നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒന്നിൽ കൂടുതൽ പേർ എടുത്ത കോ-ഒബ്ലിഗെന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുക ഫണ്ടിൽ നിന്നും നൽകും. പിഴപലിശ, മറ്റു ചെലവുകൾ ഇവ സംഘം വഹിക്കണം.
2. വായ്പാ കാലാവധിയിൽ വായ്പക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ടു മുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ കാലാവധി കഴിഞ്ഞ് വായ്പക്കാരൻ മരണപ്പെട്ടാൽ കാലാവധി തീരുന്ന തീയതിക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും മുതൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
3. വായ്പയെടുത്തശേഷം വായ്പക്കാരന് മാരകമായ രോഗം പിടിപ്പെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ മാത്രം വായ്പാ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ ആനുകൂല്യം ലഭിക്കുന്ന പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. മാരകരോഗം ബാധിച്ചവർ എന്നാൽ ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയിഡ്സ് രോഗം ബാധിച്ചവർ, ലിവർസിറോസിസ് ബാധിച്ചവർ, ടി.ബി ബാധിച്ചവർ, കരൾ സംബന്ധമായ അസുഖത്തിന് ശസ്ത്രക്രിയ നടത്തിയവർ, അപകടങ്ങളും രോഗങ്ങളും കാരണം ജോലി ചെയ്ത് ജീവിക്കാനാവാത്ത വിധം അവയവം മുറിച്ചുമാറ്റപ്പെട്ട അവസ്ഥയിലുള്ളവർ, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ എന്നിവരാണ്. മാരകരോഗം പിടിപെടുന്ന വായ്പാക്കാരുടെ ചികിത്സാ ധനസഹായത്തിന് വായ്പാ കുടിശ്ശിക ബാധകമായിരിക്കുന്നതല്ല.

4. മുകളിൽ പറഞ്ഞിട്ടുള്ള ആനുകൂല്യം ലഭിക്കുന്നതിന് മരണപ്പെട്ട/ മാരകരോഗം പിടിപ്പെട്ട തീയതിയിൽ വായ്പക്കാരന് 70 വയസ്സ് അധികരിക്കരുത്.
5. ഖണ്ഡിക (1) ൽ പറയുന്ന എല്ലാ സഹകരണ സംഘങ്ങളും/ബാങ്കുകളും അതിൽ പറയുന്ന വായ്പ അനുവദിക്കുമ്പോൾ തന്നെ വായ്പാ തുകയുടെ 0.50 ശതമാനം നിരക്കിൽ വായ്പാക്കാരിൽ നിന്നും കുറഞ്ഞത് 250/- രൂപയും പരമാവധി 1,000/- രൂപയും വിഹിതം ഈടാക്കിയ തുക തൊട്ടടുത്ത മാസം 15—ാം തീയതിക്ക് മുമ്പ് തന്നെ ജില്ലാ സഹകരണ ബാങ്കിലുള്ള കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ ഫോറം എ പട്ടിക സഹിതം അടയ്ക്കണം. നിർദ്ദിഷ്ട തീയതിക്കുശേഷമാണ് ബാങ്ക്/സംഘം റിസ്ക് ഫണ്ട് വിഹിതം ബോർഡിലേക്ക് അടയ്ക്കുന്നതെങ്കിൽ അടയ്ക്കുന്ന തീയതി എന്നാണോ അന്നുവരെ പ്രസ്തുത വിഹിതത്തിന്റെ 15 ശതമാനം പിഴ പലിശയോടുകൂടി അടവാക്കി ഭരണസമിതി തീരുമാനം ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്. അപ്രകാരം അടവാക്കുന്ന തീയതി മുതൽ വായ്പക്കാരൻ മരണപ്പെടുകയോ/മാരകരോഗം ബാധിക്കുകയോ ചെയ്യുന്നവർക്ക് മാത്രമാണ് ബോർഡിൽ നിന്നും ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുക.
6. ഈ പദ്ധതിയിൽ ചേർന്നിട്ടില്ലാത്ത നിലവിലുള്ള വായ്പാക്കാരെയും അർഹതയ്ക്ക് വിധേയരാക്കി ബാക്കി നിൽപ്പ് വായ്പാ തുക അടിസ്ഥാനപ്പെടുത്തി പുതുക്കിയ നിരക്കിലുള്ള റിസ്ക് ഫണ്ട് വിഹിതം കൂടി ഈടാക്കി ഭേദഗതി നിലവിൽ വന്ന തീയതിയായ 20.9.2019 മുതൽ ആറുമാസത്തിനകം പദ്ധതിയിൽ ചേർക്കാവുന്നതാണ്. ജി.എസ്.റ്റി പ്രാബല്യത്തിൽ വന്ന തീയതിയായ 1.7.2017 മുതൽ റിസ്ക് ഫണ്ട് വിഹിതം അടച്ച വായ്പക്കാരിൽ നിന്നും റിസ്ക് ഫണ്ട് വിഹിതത്തിന്റെ നിലവിലുള്ള ജി.എസ്.റ്റി നിരക്കായ 18% തുക കൂടി ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്.
7. റിസ്ക് ഫണ്ട് പദ്ധതിയിൻ കീഴിൽ വിഹിതം ഒടുക്കി അംഗമാകുന്ന എല്ലാ വായ്പക്കാരിൽ നിന്നും റിസ്ക് ഫണ്ട് വിഹിതവും ആയതിന്റെ 18% ജി.എസ്.റ്റി തുകയും വീഴ്ച കൂടാതെ ഈടാക്കി ബോർഡിലേയ്ക്ക് അടവാക്കേണ്ടതാണ്. നിലവിൽ ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത ബാങ്കുകൾ/സംഘങ്ങൾ 18% ജി.എസ്.റ്റി നിരക്കിന് പുറമെ 1% പ്രളയ സെസ് കൂടി ഈടാക്കി ബോർഡിലേക്ക് അടവാക്കേണ്ടതാണ്.

8. സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവയുടെ നിക്ഷേപ ബാക്കി നിൽപ്പിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം വാർഷിക വിഹിതവും ആയതിന്റെ 18% ജി.എസ്.റ്റി തുകയും കൂടി ബോർഡിന്റെ ഫണ്ടിലേക്ക് പുതുക്കിയ ഭേദഗതി പ്രകാരം അടവാക്കേണ്ടതാണ്. ജി.എസ്.റ്റി രജിസ്ട്രേഷൻ ഇല്ലാത്ത സംഘങ്ങൾ 18% ജി.എസ്.റ്റി യ്ക്ക് പകരം 19% അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ/ ബാങ്കുകളിലെ നിക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം വാർഷിക വിഹിതം ബാങ്ക്/സംഘം ബോർഡിലേക്ക് ഒടുക്കേണ്ടതാണ്.

(എ) 20 കോടി രൂപവരെയുള്ള നിക്ഷേപത്തിന് 5,000/- രൂപ

(ബി) 20 കോടിയ്ക്ക് മുകളിൽ 50 കോടി രൂപവരെയുള്ള നിക്ഷേപത്തിന് 7,500/- രൂപ

(സി) 50 കോടിയ്ക്ക് മുകളിൽ 100 കോടി രൂപവരെയുള്ള നിക്ഷേപത്തിന് 10,000/- രൂപ

(ഡി) 100 കോടിക്ക് മുകളിലുള്ള നിക്ഷേപത്തിന് 15,000/- രൂപ

(ഇ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും 25000/- രൂപയും അടവാക്കേണ്ടതാണ്.

9. ഒരു വായ്പക്കാരൻ എത്ര വായ്പകളെടുത്താലും നിയമാനുസൃത റിസ്ക്ഫണ്ട് വിഹിതം അടച്ച് ഓരോ വായ്പയെയും പദ്ധതിയിൽ ചേർക്കാവുന്നതും അപ്രകാരം പദ്ധതിയിൽ ചേർക്കുന്ന ഓരോ വായ്പക്കാരന്റെയും വായ്പയിൽ മരണ തീയതിയിൽ ബാക്കി നിൽപ്പുള്ള മുതലിനത്തിൽ പരമാവധി 2,00,000/- രൂപയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരു വായ്പാക്കാരൻ ഒരു സംഘത്തിൽ നിന്നോ, വിവിധ സഹകരണ സംഘം/ബാങ്കുകളിൽ നിന്നോ എത്ര വായ്പകൾ എടുത്താലും പരമാവധി 5,00,000/- രൂപ വരെ മാത്രമേ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

10. സഹകരണ റിസ്ക്ഫണ്ട് പദ്ധതി നടപ്പിലാക്കുന്നത് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡാണ്. ആനുകൂല്യത്തിനുള്ള അപേക്ഷ വായ്പക്കാരൻ/അനന്തരാവകാശി അതത് ബാങ്കിൽ/സംഘത്തിൽ സമർപ്പിക്കുകയും റിസ്ക്ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണ സമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾ പ്രകാരം അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള

തീരുമാനമെടുത്ത പദ്ധതിയിലെ 11 (എ) വ്യവസ്ഥയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും ചുവടെ ചേർക്കുന്ന രേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയ്ക്കായി നൽകി വ്യക്തമായ ശുപാർശ സഹിതം 15 ദിവസത്തിനകം ബോർഡ് സെക്രട്ടറിയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്.

**<u>ലഭ്യമാക്കേണ്ട രേഖകൾ</u>**

I. മരണമടഞ്ഞ/മാരക രോഗം പിടിപെട്ട വായ്പക്കാരന് പദ്ധതിയുടെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹതയുണ്ട് എന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യപത്രം.

II. വായ്പക്കാരന്റെ വായ്പാ ഏറടവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

III. കോർപ്പസ് ഫണ്ടിലേക്ക് വായ്പക്കാരന്റെ വിഹിതവും ആയതിന്റെ ജി.എസ്.റ്റി തുകയും അടച്ചതിനുള്ള സാക്ഷ്യപ്പെടുത്തിയ ഫോം എ സ്റ്റേറ്റ്മെന്റും, ചെലാൻ പകർപ്പും.

IV. ജില്ലാ സഹകരണ ബാങ്കിൽ കോർപ്പസ് ഫണ്ട് വിഹിതം അംഗസംഘം നിക്ഷേപിച്ചതിന്റെ വിവരം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

V. മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട വായ്പക്കാരന്റെ വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപ്പെടുത്തിയ നിയമാനുസൃത രേഖ.

VI. വായ്പക്കാരന്റെ വായ്പാ അപേക്ഷയും വായ്പ അനുവദിച്ച ഭരണ സമിതി തീരുമാനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും

VII. മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

VIII. മാരകരോഗം പിടിപ്പെട്ടവർക്കുള്ള അപേക്ഷയിൽ തന്നെ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉൾക്കൊള്ളിച്ചിരിക്കണം. മറ്റു ചികിത്സാരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

IX. മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട വായ്പാക്കാരന് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി അപേക്ഷിച്ചുകൊണ്ടുള്ള ബാങ്ക്/ സംഘം എടുത്ത ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ്.

X. മരണപ്പെട്ട വായ്പക്കാരന് റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിലേക്കായി ടിയാന്റെ അനന്തരാവകാശി ബാങ്ക്/ സംഘത്തിൽ സമർപ്പിച്ച അപേക്ഷയുടെ പകർപ്പ്.

XI. ജാമ്യക്കടപത്രം/പണയാധാരം/വെൺകടപത്രം/കരാർപത്രം എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

XII. വായ്പയുടെ, രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്/EMI വ്യവസ്ഥയാണെങ്കിൽ രജിസ്ട്രാർ അനുവദിച്ച് നൽകിയിട്ടുള്ള സബ്റൂളിന്റെ പകർപ്പ്.

XIII. വായ്പയുടെ തവണ വ്യവസ്ഥ നിശ്ചയിച്ച ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പ്

XIV. വായ്പക്കാരന് ആറ് മാസത്തിൽ കൂടുതൽ മരണപ്പെട്ട തീയതിയിൽ മുതലിനത്തിൽ കുടിശ്ശികയില്ലായെന്നുള്ള ബാങ്ക്/സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സാക്ഷ്യപത്രം.

XV. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് ധനസഹായമായി 5,00,000/- രൂപയിൽ കൂടുതൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി മരണപ്പെട്ട വായ്പക്കാരന്റെ അവകാശി സമർപ്പിച്ച പ്രഖ്യാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

XVI. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും ചികിത്സാ ധനസഹായമായി 1,00,000/- രൂപയിൽ കൂടുതൽ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തി വായ്പക്കാരൻ സമർപ്പിച്ച പ്രഖ്യാപനത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

XVII. ബോർഡ് ആവശ്യപ്പെടുന്ന വായ്പയുമായി ബന്ധപ്പെട്ട മറ്റു രേഖകൾ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്ററുടെ ശുപാർശയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസറുടെ ശുപാർശയും ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

11. ടി പദ്ധതി സംഘാംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പദ്ധതിയെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ ഖണ്ഡിക (1) ൽ പറഞ്ഞിട്ടുള്ള എല്ലാ സംഘങ്ങളും, സംഘാംഗങ്ങൾക്ക് പ്രത്യേകിച്ച് ശ്രദ്ധയിൽപ്പെടുന്ന തരത്തിൽ ബാങ്ക്/സംഘം മന്ദിരത്തിലും, ശാഖാ മന്ദിരത്തിലും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

മുകളിൽ ഖണ്ഡിക (1) മുതൽ (7) വരെയുള്ള വ്യവസ്ഥകൾ പ്രത്യേകം അച്ചടിച്ച് വായ്പയെടുക്കുന്ന സമയത്ത് വായ്പക്കാരന് നൽകിയിരിക്കണം. കൂടാതെ മുമ്പ് വായ്പയെടുത്തിട്ടുള്ള അംഗങ്ങൾക്ക് നൽകുന്നതിനായി അവ സംഘം ഹെഡ് ആഫീസ്, ശാഖ എന്നിവിടങ്ങളിൽ ലഭ്യമാക്കേണ്ടതുമാണ്.

12. ഈ പദ്ധതി സംബന്ധിച്ചിട്ടുള്ള പൂർണ്ണ വിവരങ്ങൾ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്.
13. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും വായ്പക്കാരന് നൽകി വരുന്ന ധനസഹായ തുകയിൽ (മരണാനന്തര ധനസഹായം. ചികിത്സാ ധനസഹായം) മുതലിനത്തിൽ അനുവദിക്കുന്ന തുക വായ്പക്കാരുടെ വായ്പാ ബാക്കിനിൽപ്പ് മുതലിൽ തന്നെ വരവ് വയ്ക്കുന്നതിന് സംഘങ്ങൾ/ബാങ്കുകൾ ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.
14. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ കീഴിൽ വരുന്ന മുഴുവൻ സംഘങ്ങളും/ബാങ്കുകളും കേരള സഹകരണ ക്ഷേമ വികസന പദ്ധതിയിൽ അംഗമാകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുള്ള വിഹിതം അടക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.
15. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻ കീഴിലുള്ള മുഴുവൻ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതിയിൽ അംഗമാകേണ്ടതാണെന്നും, നിഷ്കർഷിച്ചിട്ടുള്ള വിഹിതം അടക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. റിസ്ക് ഫണ്ട് പദ്ധതിയിലേക്കുള്ള ഓരോ വായ്പയുടെയും നിശ്ചിത വിഹിതവും ആയതിന്റെ ജി.എസ്.റ്റി തുകയും വായ്പാ വിതരണ അവസരത്തിൽ തന്നെ ടി സംഘം/ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ വായ്പക്കാരിൽ നിന്നും ഈടാക്കേണ്ടതും ടി തുക യഥാസമയം ടി പദ്ധതിയുടെ ഫണ്ടിൽ നിക്ഷേപിക്കേണ്ടതും ആയത് ബന്ധപ്പെട്ട സംഘം/ബാങ്ക് ഭരണ സമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

സംസ്ഥാനത്തെ പല സഹകരണ സംഘങ്ങളും/ബാങ്കുകളും കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന ക്ഷേമ വികസന പദ്ധതിയിലും, കേരള റിസ്ക് ഫണ്ട് പദ്ധതിയിലും അംഗങ്ങളാകുവാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പദ്ധതിയിൽ അംഗങ്ങളാകുവാൻ ഇനിയും വിസമ്മതം കാണിയ്ക്കുകയോ, കാലതാമസം വരുത്തുകയോ, നിശ്ചിത വിഹിതം യഥാസമയം

ഒടുക്കാതിരിക്കുകയോ ചെയ്യുന്നതുകാരണം ഏതെങ്കിലും വായ്പക്കാരന്റെ ആശ്രിതർക്ക് ലഭിക്കേണ്ടിയിരുന്ന സാമ്പത്തിക ആനുകൂല്യം നഷ്ടപ്പെടുന്ന പക്ഷം ആയതിന് പ്രസ്തുത സംഘത്തിലെ/ബാങ്കിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവാദിയായിരിക്കുന്നതാണെന്നും ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്

ഡോ.പി.കെ ജയശ്രീ.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:
1. ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം
3. ജനറൽ മാനേജർ, എല്ലാ ജില്ല സഹകരണ ബാങ്കുകൾക്കും
4. എല്ലാ ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ല ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ പ്രാഥമിക സഹകണ സംഘങ്ങൾ/ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ മുഖേന
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന
9. എഡിറ്റർ സഹകരണ വീഥി/ സഹകരണ ജേർണൽ
10. ഈ ആഫീസിലെ എല്ലാ ഓഫീസർമാർക്കും
11. വെബ് സൈറ്റ്
12. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

Azek

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)